# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2231 17.06.2014- ൽ മറുപടിക്ക്**

## കോട്ടയം ടെക്സ്റ്റയിൽസിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) കോട്ടയം ടെക്സ്റ്റയിൽസിൽ നില നിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും മിൽ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 646.80 ലക്ഷം രൂപ കോട്ടയം ടെക്സ്റ്റയിൽസിന് നൽകിയിട്ടുണ്ട്. കോട്ടയം ടെക്സ്റ്റയിൽസിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടുന്ന അറ്റകുറ്റപണികൾക്കും ജീർണ്ണാവസ്ഥയിലുള്ള യന്ത്രസാമഗ്രികൾ മാറ്റി സ്ഥാപിക്കുന്നതിനുമായി 168.79 ലക്ഷം രൂപ 2013-2014 വർഷത്തെ ബഡ്ജറ്റിൽ നിന്നും നൽകിയിട്ടുണ്ട്. |
| (ബി) ജീവനക്കാരുടെ ശമ്പളവർദ്ധനവ് കാലോചിതമായി പുനർ നിർണ്ണയിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷനിലെ ജീവനക്കാർക്ക് (തൊഴിലാളികൾ), ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത്. ടി ദീർഘകാല കരാറിലെ വ്യവസ്ഥകൾ ടെക്സ്റ്റയിൽ വ്യവസായബന്ധ സമിതിയുടെ അംഗീകാരത്തോടു കൂടിയാണ് നടപ്പിലാക്കുന്നത് . ടി. ദീർഘകാല കരാറിന് അഞ്ചു വർഷത്തെ കാലാവധിയാണുള്ളത്. ഇപ്പോൾ നിലവിലുള്ള ദീർഘകാല കരാറിന്റെ കാലാവധി 31.12.2015-ൽ ആണ് അവസാനിക്കുന്നത്. |

നിലവിലുള്ള ദീർഘകാല കരാറിന് 31.12.2015-വരെ കാലാവധിയുണ്ടെങ്കിലും, 19.11.2013-ൽ കൂടിയ ടെക്സ്റ്റയിൽ വ്യവസായബന്ധസമിതി (ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി ഫോർ ടെക്സ്റ്റൈൽസ്) 8 മുതൽ 10 ശതമാനം വരെ ഉൽപാദന ക്ഷമതയുമായി ബന്ധപ്പെടുത്തി പ്രതിമാസം 1,600/- രൂപയുടെ ഇടക്കാല ശമ്പള വർദ്ധനവിന് തീരുമാനിച്ചു എന്നാൽ ഇത് തൊഴിലാളി യൂണിയനുകൾ അംഗീകരിക്കാത്തതിനാൽ ടി 1600/- രൂപയുടെ പ്രതിമാസ ഇടക്കാല ശമ്പളവർദ്ധനവ് ഇതേവരെ കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പടെയുള്ള മില്ലുകളിൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല.

(സി) കോട്ടയം ടെക്സ്റ്റയിൽസിൽ ടെക്സ്റ്റയിൽ ടെക്നോളജി പഠനത്തിനായി പുതിയ കോളേജ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) കോട്ടയം ടെക്സ്റ്റയിൽസിൽ ടെക്സ്റ്റയിൽ ടെക്നോളജി പഠനത്തിനായി പുതിയ കോളേജ് തുടങ്ങുന്നതിന് കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിരുന്നു. ടി പദ്ധതി ലാഭകരമായി നടപ്പിലാക്കുന്നതിന് പ്രായോഗിക പരിമിതികളുണ്ടെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി ഉപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(ഡി) ടെക്സ്റ്റയിൽ ടെക്നോളജി മേഖലയിൽ നിലവിലുള്ള സാങ്കേതികവിദഗ്ധരുടെ കുറവ് പരിഹരിക്കുന്നതിന് കൂടുതൽ ടെക്സ്റ്റയിൽ ടെക്നോളജി കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**